# കേരളാ പോളിടെക്നിക് കോളേജ് കലോത്സവം

## പൊതുനിബന്ധനങ്ങൾ

1. രചനാ മത്സരങ്ങൾക്ക്ആവശ്യമായ പേപ്പർ മാത്രമേസംഘാടകർ നൽകുകയുള്ളൂ. മത്സരത്തിന്റെ പ്രമേയംവിധി കർത്താക്കൾ നിശ്ചയിക്കുന്നതാണ്.

2. ശാസ്ത്രീയസംഗീതത്തിന് ശ്രുതി ഉപയോഗിക്കാവുന്നതാണ്. മത്സരാർത്ഥിക്ക് ഇഷ്ടമുള്ളരാഗം ആലപിക്കാവുന്നതാണ്.

3. ചെണ്ടയ്ക്ക് (തായമ്പക) അനുസാരിവാദ്യങ്ങളാകാം. എന്നാൽ വിദ്യാർത്ഥികൾതന്നെ പങ്കെടുക്കണം. (ഒരുഇലതാളം, രണ്ട്ഇടംതല, ഒരു വലംതല ഇങ്ങനെ നാലു പേർ ആകാം)

4. നാടോടി നൃത്തത്തിന് തെരഞ്ഞെടുക്കുന്നത് നാടൻ നൃത്തത്തിന് അനുയോജ്യമായ രൂപവും, വേഷവിതാനവുമായിരിക്കണം. ആഡംബരം കഴിയുന്നതും കുറയ്ക്കണം. നാടോടിത്തനിമകാത്തുസൂക്ഷിക്കണം.

5. നാടോടി നൃത്തം, ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം, സംഘനൃത്തം എന്നീ നൃത്ത ഇനങ്ങൾക്ക് പിന്നണിയിൽ റിക്കോർഡ് ചെയ്ത സി.ഡി/കാസറ്റ് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ

6. പിന്നണി അനുവദിച്ചിട്ടുള്ള ഇനങ്ങൾക്ക് പിന്നണിയിൽ അതാതു കാറ്റഗറിയിലെ വിദ്യാർത്ഥികൾ തന്നെയായിരിക്കണം.

7. കഥാപ്രസംഗത്തിന് പിന്നണിയിൽ തബല അല്ലെങ്കിൽ മൃദംഗം ഹാർമോണിയം അല്ലെങ്കിൽ ശ്രുതിപ്പെട്ടി, സിംബൽ ആന്റ് ടൈമിംഗ്, ക്ലാർനെറ്റ് അല്ലെങ്കിൽ വയലിൻ എന്നിവയ്ക്ക് നാല് വിദ്യാർത്ഥികൾ വരെ ആകാം.

8. മദ്ദളത്തിന് അനുസാരിവാദ്യം ആകാം. വിദ്യാർത്ഥികൾ ആയിരിക്കണം അനുസാരിവാദ്യം കൈകാര്യം ചെയ്യേണ്ടത്. (ഒരു ഇലത്താള ംഒരു വലംതല ഇങ്ങനെ രണ്ടു പേർ).

9. വാദ്യോപകരണങ്ങൾ വായിക്കുന്നത് മത്സരത്തിൽ പങ്കെടുക്കുന്നവരായിരിക്കണം. വൃന്ദവാദ്യത്തിനും, ഗാനമേളക്കും ഉപയോഗിക്കുന്ന സംഗീതോപകരണങ്ങൾ വിദഗ്ധരുടെ പരിശോധനയ്ക്കുശേഷം മാത്രമേ ഉപയോഗിക്കാവൂ.

10. ഒപ്പനയ്ക്ക് പക്കമേളമോ പിന്നണിയോ പാടില്ല. മുൻപാട്ടുകാരികൾ നിർബന്ധമാണ്. പിൻപാട്ടുംവേണം. മറ്റുള്ളവർ ഏറ്റുപാടണം. പാട്ടുംതാളത്തിനൊത്ത കൈയ്യടിയുമാണ് മുഖ്യഘടകം. നൃത്തമല്ലാത്ത രൂപത്തിൽ ചാഞ്ഞും ചരിഞ്ഞുമുള്ള കയ്യടിയും ചുറ്റിക്കളിയുമാകാം.ഒരുമണവാട്ടിവും വേണം. മത്സരത്തിൽ പങ്കെടുക്കുന്ന പത്തു പേരും സ്റ്റേജിൽ അണിനിരക്കണം. ഇതുതന്നെയാണ് വട്ടപ്പാട്ടുമത്സരത്തിന്റെയും ഘടന.

11. കോൽകളിക്ക് ഇമ്പമാർന്ന പുരാതന മാപ്പിളപ്പാട്ടുകളുടെ ഈണത്തിനൊപ്പിച്ച് മെയ് വഴക്കത്തൊടെ ചുവടൊപ്പിച്ച് ചാഞ്ഞും ചരിഞ്ഞും മറിഞ്ഞും വായ്ത്താരിയിലും കോലടിയിലും താളം പിടിച്ച് പങ്കെടുക്കുന്നവർതന്നെ അവതരിപ്പിക്കണം. പിന്നണി പാടില്ല

12. ദഫ്മുട്ടിന് ബൈത്തിന്റെ വൈവിധ്യമാർന്ന ഈണങ്ങൾക്ക് അനുസരിച്ച് ചാഞ്ഞും, ചരിഞ്ഞും നിന്നും ഇരുന്നും വിവിധതാളങ്ങളിൽ അവതരിപ്പിക്കണം. അമിതമായ ചുവടുകളോ, നൃത്തമോ പാടില്ല. അറബിബൈത്തുകളോ മദഹ് പാട്ടുകളോആകാം. ലളിതഗാനമോ മാപ്പിളപ്പാട്ടോ പാടില്ല. പിന്നണി പാടില്ല.

13. തിരുവാതിരക്കളിക്ക് പിൻപാട്ടുകൾക്കു വിദ്യാർത്ഥികളായിരിക്കണം. (രണ്ടു പേർ) ലളിതമായകേരളീയ വേഷമായിരിക്കണം. കലാരൂപത്തിന്റെ തനിമ നിലനിർത്തണം. കുട്ടികൾതന്നെ പാടിക്കളിക്കണം. നിലവിളക്കും നിറപറയും ഉണ്ടായിരിക്കണം. (ഇവ സംഘാടകർ നൽകണം)

14. മാർഗംകളിക്ക് നിലവിളക്ക് ഉണ്ടായിരിക്കണം.
(നിലവിളക്ക് സംഘാടകർ നൽകണം) തനതായവേഷമായിരിക്കണം.
നൃത്താവതരണത്തിന് താളം ക്രമീകരിക്കുനതിന് കുഴിത്താളം
(ചെറിയഇലത്താളം) ഉപയോഗിക്കാവുന്നതാണ്.
മറ്റ്സംഗീത ഉപകരണങ്ങളോ പിന്നണിയോ പാടില്ല.

15. നാടകത്തിൽ, ഒരു ഏകാങ്ക നാടകമോ, വലിയ നാടകത്തിന്റെ തെരഞ്ഞെടുത്ത ഭാഗങ്ങളോ ആകാം. പിന്നണിയിൽ (മൂന്ന് പേർ) വിദ്യാർത്ഥികൾതന്നെയായിരിക്കണം. നല്ല നടൻ, നല്ല നടി എന്നിവരെ തെരഞ്ഞെടുത്ത് സമ്മാനം നൽകണം.
സി.ഡി/കാസറ്റ് ഉപയോഗിക്കാവുന്നതാണ്.

16. ദേശഭക്തിഗാന മത്സരത്തിൽ ആൺകുട്ടികളും പെൺകുട്ടികളും ആകാം. ദേശീയോദ്ഗ്രഥന സന്ദേശമുൾക്കൊള്ളുന്ന ഗാനങ്ങളായിരിക്കണം ആലപിക്കേണ്ടത്. മലയാളഗാനം തന്നെ ആയിരിക്കണമെന്നില്ല.

17. തിരുവാതിര, മാർഗംകളി എന്നിവയ്ക്ക് നിലവിളക്ക് സംഘാടകർ നല്കണം.

18. എല്ലാമത്സരങ്ങളുടേയും പിന്നണിയിലുള്ള കുട്ടികൾക്കും ഗ്രേഡ്സർട്ടിഫിക്കറ്റിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

19. മത്സരങ്ങളുടെ എല്ലാ തലങ്ങളും വിലയിരുത്തുന്നതിന് യോഗ്യരായവിധി കർത്താക്കളെ നിയമിക്കണം. വിധികർത്താക്കളെ നിയമിക്കുമ്പോൾ അവരുടെ ബയോഡേറ്റയും ഡിക്ലറേഷൻ അനുബന്ധം 5 ൽ കൊടുത്തിരി ക്കുന്നതു പോലെ എഴുതിവാങ്ങണം. വിധി നിർണ്ണയത്തിന് എല്ലാതലത്തിലും 3 വിധികർത്താക്കൾ മാത്രമായിരിക്കാൻ ശ്രദ്ധിക്കേതാണ്.

20. മത്സരഫലം ജഡ്ജ്മാർ വിധി നിർണ്ണയിച്ച് സ്റ്റേജിൽവച്ചുതന്നെ ഫലം പ്രഖ്യാപനം നടത്തേതാണ്.

21. സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികളുടേയും പിന്നണിയിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികളുടേയും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് അവർ പഠിക്കുന്ന സ്ഥാപനത്തിലെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയത് നിർബന്ധമായും ഹാജരാക്കണം. അല്ലാത്ത പക്ഷം മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല.